## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 322** **03.02.2020 - ൽ മറുപടിക്ക്.**

## പുതിയ കുടുംബങ്ങൾക്ക് റേഷൻ കാർഡ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്തു പുതിയ കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | **(എ)** മറ്റൊരു താലൂക്കിൽ നിന്നും അംഗത്തെ/ അംഗങ്ങളെ കുറവ് ചെയ്ത് പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് ആ താലൂക്കിൽ നിന്നും അംഗത്തെ / അംഗങ്ങളെ കുറവ് ചെയ്ത് ട്രാൻസ്ഫർ ചെയ്ത്, പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ അക്ഷയ സെന്ററുകൾ വഴിയോ സിറ്റിസൺ ലോഗിൻ വഴിയോ നൽകാവുന്നതാണ്. കുട്ടികളുടെ പേര് ചേർക്കുന്നതിന് ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പും ആധാർ കാർഡിന്റെ പകർപ്പും നൽകേണ്ടതാണ്. |
| **(ബി)** രണ്ടു കുടുംബങ്ങളിൽ പേരുവന്നിട്ടുള്ള ഭാര്യാ-ഭർത്താക്കന്മാർക്കും അവരുടെ കുട്ടികൾക്കും കൂടി പുതിയ റേഷൻ കാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ; | **യും (ബി)** സംസ്ഥാനത്ത് ഒരു റേഷൻ കാർഡിലും ഉൾപ്പെട്ടിട്ടില്ലാത്തവരാണെങ്കിൽ ആധാർ നമ്പർ ഉപയോഗിച്ച് പുതിയ കാർഡിന് അപേക്ഷിക്കാവുന്നതാണ്. മേൽ വിലാസം അഡ്രസ്സ് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഏതെങ്കിലും ഒന്ന് (ഏതൊക്കെ രേഖകൾ ഹാജരാക്കാമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പ്രതിമാസം 25,000/- രൂപയിൽ കുറവ് വരുമാനമുള്ളവർ വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. കൂടാതെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്. **യും** |

| | |
|---|---|
| **(സി)** ഇതു സംബന്ധിച്ചുള്ള നടപടികൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി പുതിയ കാർഡു വിതരണം ചെയ്യാൻ ഉത്തരവാദപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ തന്നെ ഇതു സംബന്ധിച്ച അപേക്ഷ സ്വീകരിച്ച് കമ്പ്യൂട്ടർ മുഖേന പരിശോധന നടത്തി താമസംവിനാ പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുമോ; വിശദാംശം നൽകുമോ? | **(സി)** നിലവിൽ റേഷൻ കാർഡ് സംബന്ധമായ എല്ലാ അപേക്ഷകളും പൊതുജനങ്ങളുടെ സൗകര്യാർത്ഥം അക്ഷയ കേന്ദ്രങ്ങൾ വഴിയും സിറ്റിസൺ ലോഗിൻ വഴിയും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അടിയന്തിര സാഹചര്യങ്ങളിൽ (വിദ്യാഭ്യാസ സംബന്ധമായോ, ചികിത്സാ ആനുകൂല്യങ്ങൾക്കോ മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയോ) താലൂക്ക് സപ്ലൈ ഓഫീസർക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിൽ അപേക്ഷകൾ പരിശോധന നടത്തി താമസംവിനാ തന്നെ പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**